## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1408** **04.02.2019-ലെ മറുപടിക്ക്**

**'നാടാർ സ്വയംഭൂ എഡ്യൂക്കേഷൻ ട്രസ്റ്റിന് ഭൂപരിഷ്കരണ നിയമത്തിൽ ഇളവ്'**

**ചോദ്യം**
**ശ്രീ.വി.പി.സജീന്ദ്രൻ**

**മറുപടി**
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | റാന്നി താലൂക്കിലെ വടശ്ശേരിക്കരയിൽ നാടാർ സ്വയംഭൂ എഡ്യൂക്കേഷൻ ട്രസ്റ്റിന് ഡെന്റൽ കോളേജ് തുടങ്ങുന്നതിനായി 22 ഏക്കർ ഭൂമി കൈവശം വയ്ക്കുന്നതിന് ഭൂപരിഷ്കരണ നിയമത്തിൽ ഇളവ് അനുവദിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | അയ്യപ്പ ദന്തൽ കോളേജിന്റെ കാര്യത്തിൽ ഇപ്രകാരം മുൻ സർക്കാരിന്റെ കാലത്ത് എടുത്ത തീരുമാനം റദ്ദ് ചെയ്യുന്നതിന് ബഹു. മന്ത്രി ശ്രീ. എ.കെ. ബാലൻ അദ്ധ്യക്ഷനായ സമിതി ശുപാർശ ചെയ്യുകയും 2017 ആഗസ്റ്റ് 10 ന് ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ എന്ത് കാരണത്താലാണ് മുൻ യു.ഡി.എഫ്. സർക്കാരിന്റെ ഇക്കാര്യത്തിലുള്ള തീരുമാനം റദ്ദ് ചെയ്തതെന്ന് അറിയിക്കുമോ; | (സി) | 01/01/2016 മുതൽ 30/04/2016 വരെയുള്ള മന്ത്രിസഭായോഗതീരുമാനങ്ങൾ പുന:പരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള മന്ത്രിസഭാ ഉപ സമിതി പ്രസ്തുത കോളേജ് ആരംഭിക്കുന്നതിനായി ആരോഗ്യ വകുപ്പിൽ നിന്നും നിരാക്ഷേപ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാത്തതിനാലും, മെഡിക്കൽ കൗൺസിലിന്റെയും മറ്റ് സ്ഥാപനങ്ങളുടെയും ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ലാത്തതിനാലും തീരുമാനം റദ്ദാക്കണമെന്ന് ശുപാർശ ചെയ്തിരുന്നു. |
| (ഡി) | ഇപ്പോൾ നാടാർ സ്വയംഭൂ എഡ്യൂക്കേഷൻ ട്രസ്റ്റിന് ഡെന്റൽ കോളേജ് തുടങ്ങുന്നതിനായി ഭൂപരിഷ്കരണ നിയമത്തിൽ ഇളവ് അനുവദിക്കുവാനുണ്ടായ പ്രത്യേക സാഹചര്യമെന്താണ്; വിശദമാക്കാമോ? | (ഡി) | പാലതിയനാടാർ സ്വയംഭൂ നാടാർ എഡ്യൂക്കേഷൻ & ചാരിറ്റബിൾ ട്രസ്റ്റിന് നൽകിയ ഒഴിവ് റദ്ദ് ചെയ്തതിനെതിരെ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 9097/2018 നമ്പർ കേസിലെ വിധിന്യായം പ്രകാരം പുന:പരിശോധിക്കുകയും ഉത്തരവ് റദ്ദ് ചെയ്യാനുണ്ടായ സാഹചര്യം ഇപ്പോൾ നിലനിൽക്കുന്നുണ്ടോ |

| | | | |
|---|---|---|---|
| | | | എന്ന് പരിശോധിച്ചതിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും ഡെന്റൽ കോളേജ് ആരംഭിക്കുന്നതിനും ജനറൽ നഴ്സിംഗ് കോഴ്സ് ആരംഭിക്കുന്നതിന് നിരാക്ഷേപ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ള സാഹചര്യത്തിലും കോടതി ഉത്തരവിന്റെ വെളിച്ചത്തിലും ആണ് വീണ്ടും ഇളവ് അനുവദിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**